# CHURCH WEEKLY

**May 2019**

*An Ecumenical Publication from*

THE ALWAYE FELLOWSHIP HOUSE

# Church Weekly

**Vol. 73**
**Issue 5**
**May 2019**


Sri K.C. Chacko

*Founder of the Church Weekly*

*(1946)*




*An Ecumenical Publication from*

**THE ALWAYE FELLOWSHIP HOUSE**

*73rd Year of Publication*

**FOUNDER CHIEF EDITOR : Sri. N.M. ABRAHAM**

First Published : December 1946



## CHURCH WEEKLY

**C/o The Alwaye Fellowship House**
**Union Christian College P.O.**
**Alwaye - 683 102,**
**Kerala, South India.**
**Ph : 0484-2605630, 2606986**

*E-mail : churchweeklyafh@gmail.com*
*fellowshiphse@gmail.com*
*Chief Editor : mgk.afh@gmail.com*

**Website**
*www.alwayefellowshiphouse.com*



**EDITORIAL BOARD**

**KURUVILLA M. GEORGE IRS (Retd)**
**0484-2603260**
(Chief Editor)
**Prof. ABRAHAM MATHEW**
**Prof. M.T. SARAMMA**
**SANTHOSH OOMMEN**
**Dr. M.I. PUNNOOSE**
**Dr. ANNIE DAVID**
**GEORGE JOSEPH**
**Dr. GEORGE EIPE**
**Dr. VARGHESE JOHN**

**ADVISOR**

**K.V. MAMMEN**

**CIRCULATION MANAGER**

**K.O. ELIAS**
**0484-2606986, 9446718234**


SUBSCRIPTION RATES

| | Inside India | | |
|---|---|---|---|
| Single Issue | ₹ | 10.00 | |
| Annual | ₹ | 100.00 | |
| 10 years | ₹ | 900.00 | |
| Life (Patron) | ₹ | 10000.00 | |
| | Outside India | | |
| Annual | ₹ | 600.00 | or 10 USD |
| 10 years | ₹ | 6000.00 | or 100 USD |
| Life (Patron) | ₹ | 60000.00 | or 1000 USD |

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*


***DISCLAIMER***

*The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.*


*Read... Subscribe... Recommend...*

# മഹദ്‌വചനം

"In nature's economy the currency is not money - it is life."

Vandana Shiva
Environmental Activist



## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 4 | *Fellowship News* | | |
| 5 | *മുഖമൊഴി* | **ഒഴിഞ്ഞ കല്ലറയിൽ യേശുവിനെ തേടുന്നവർ!!** | |
| 7 | *ചരിത്രജാലകം* | **ലോക തൊഴിലാളി ദിനം വരുമ്പോൾ യേശുവിനെ ഓർക്കുക** | *Adv. Varghese P. Thomas* |
| 9 | *ഉയിർപ്പുദിന ചിന്തകൾ* | **കുരിശിലൂടെ ഉയിർത്തെഴുന്നേൽപ്പ്** | *Fr. C.A. Isaac, Haripad* |
| 11 | *ബൈബിൾ ചിന്തകൾ - 79* | **ക്രിസ്തുവിന്റെ വഴികൾ** | *Prof. M.Y. Yohannan* |
| 13 | *കാൽപാടുകൾ - 29* | **ഓർത്തഡോക്സ് വിശ്വാസത്തിന് അടിസ്ഥാനമായിരിക്കുന്ന ഘടകങ്ങൾ** | *Very Rev. Johny George Cor-Episcopa* |
| 15 | *കവർ സ്റ്റോറി* | **കേരള നവോത്ഥാനവും ക്രൈസ്തവസഭയും: ഒരോർമ്മപ്പെടുത്തൽ (തുടർച്ച)** | *Fr. Johnson Punchakonam* |
| 19 | *യുവലോകം - 53* | **വിവേകപൂർവമായ സമീപനം – ജീവിതവിജയത്തിനാധാരം** | *Fr. Dr. Thomson Roby* |
| 21 | *നവചിന്തകൾ* | **നേടണമെങ്കിൽ ത്യജിക്കണം** | *Jacob Oommen, Chengannur* |
| 22 | *സ്മരണാഞ്ജലി* | **ഡോ. ബാബു പോൾ – കാലഘട്ടത്തിന്റെ സുകൃതം** | *Very Rev. Dr. Jacob Mannaraprayil Cor-Episcopa* |
| 23 | *Pilgrimage-43* | **The Human Horizon: "Mystery and Mastery" (contd.)** | *Fr.Dr.K.M. George* |
| 25 | *Let's listen* | **Christianity Should Be Caught** | *Mrs. A. Lukose* |
| 27 | *Christian Vision - 23* | **A Little Act of Kindness** | *Prof.(Dr.) T.V. Thomas* |
| 31 | *Life Style* | **The Parable of the Prodigal Son** | *Dr. Annie David* |
| 33 | *Reflections* | **Defeat is Temporary** | *Leela Kuruvilla* |
| 35 | *Last Page* | **SHOE SHINE!!** | *M.G. Kuruvilla* |

## A WEEKLY PAPER FOR A WEAKLY CHURCH

A Letter from Bishop H. Pakenham Walsh to the Readers of the Church Weekly

CHRISTA SISHYA ASHRAM, TADAGAM, Nov. 16

Dear Friends,

All of you know of my great love for, and interest in the Orthodox Syrian Church of Malankara, and that for the last eleven years my wife and I have been closely connected with you, helping in your first mission field outside Travancore, and worshipping in your daily offices and frequent Holy Qurbanas. It was members and friends of our Sangha who conceived the idea and carried out the project of a weekly paper for your Church; and our Sangha will always give all the help it can to make it a success.

This contribution of mine will be in English, but I hope that many of my later ones will be translated into Malayalam; but this one being in English, you will allow me, as a humour loving Irish man, to make a joke, which cannot be translated into any other language.

When I saw the name of the paper, “The Weekly Church Paper”, I at once said, it might be called “The Weakly Church Paper” or “The Weakly Paper of a Weakly Church”!

But joke though it is, there is, like most Irish jokes, something valuable in it, which reminds me of a Provost of Trinity College, Dublin, Dr. Mahaffy, long ago speqaking at the ‘Oxford Union’, and filling his speech with delightful “Irish bulls” as a particular kind of Irish joke is called. The next speaker an English man spoke disparagingly of the Provost’s Humour, and burst out with the taunt, “What is the difference between an English bull and an Irish bull”? Whereupon Mahaffy jumped up and said, “The difference between an English bull and an Irish bull is this, that an Irish bull is always **pregnant**.”

So this joke is pregnant. None of you will deny that your ancient Church, with all its inherited adornments and treasures, its majestic liturgy, its impressive rituals, its ancient orders, its hoary antiquity, is at present a weakly Church. It is split and divided, and lacking in unity and effective brotherhood; it is not pulling its weight in the great enterprise which the Lord committed to His Church, to advance the Kingdom of God throughout the whole earth; it is not showing such a standard of saintliness, as to attract to it the non-Christians of India.

And our little paper is a weakly paper. Can we do much by means of a little paper, to fight against great forces of evil, to bind the brethren of the Church together in love, to kindle zeal for the uplift of the whole world, and to make men and women glad to sacrifice themselves for the sake of God’s Kingdom?

What is this little scroll of paper, that can be torn up by the hand as a weapon against the heavily armed forces of the Evil One? Is it not a weakly paper for a weakly Church? And yet we feel that because we trust it into the hands of Christ the King, because we pray and labour that it may be full of His Spirit, and that it may speak His words of power to those who will hear, it will not be a weakly but a strong paper; that it will “strengthen the weak hands, and confirm the feeble knees, and will say to them that are of a fearful heart, ‘BE STRONG, FEAR NOT’. (Isaiah 35:3,4)

Yours in His Service,

Sd. H. Pakenham Walsh

മുഖമൊഴി...

# ഒഴിഞ്ഞ കല്ലറയിൽ യേശുവിനെ തേടുന്നവർ!!

*എറണാകുളത്ത്, ഇടപ്പള്ളി-വൈറ്റില ബൈപ്പാസിന്റെ പാലാരിവട്ടം ഭാഗത്തുള്ള മേൽപ്പാലത്തിൽ വിള്ളൽ! പണിയിൽ അഴിമതി!! പണികഴിഞ്ഞ് വർഷങ്ങൾക്കു ശേഷമുള്ള സുപ്രധാന കണ്ടുപിടുത്തം!*

*"കള്ളവുമില്ല; ചതിയുമില്ല" എന്നു പാടിപ്പതിഞ്ഞ ഈ നാട്ടിൽ അഴിമതിയോ? എല്ലാവരും ഒരുമിച്ച് ഞെട്ടി... ഇതൊക്കെ കണ്ടുപിടിക്കുവാൻ എൻജിനീയറിംഗിൽ ഡിഗ്രിയൊന്നും വേണ്ടാ..... ചുമ്മാ അതിലെയൊന്നു യാത്ര ചെയ്താൽ മതി; പക്ഷേ വിദഗ്ദ്ധർക്കു കൂടുതൽ സമയം വേണം... അതാണല്ലോ ശാസ്ത്രീയപഠനം! ഇനി അന്വേഷണ പരമ്പര തുടങ്ങുകയാണ്..... പാലത്തെക്കുറിച്ചുള്ള പഠനത്തേക്കാൾ, ആരെ പ്രതിയാക്കണം.... ആരെ രക്ഷിക്കണം എന്ന ഗവേഷണത്തിനാണ് കൂടുതൽ സാദ്ധ്യത! പാലം പണിക്കു ചെലവായ തുക തെറ്റുചെയ്തവരുടെ കൈയിൽ നിന്നും ഭാഗികമായെങ്കിലും ഈടാക്കാനുള്ള നിയമവ്യവസ്ഥ നടപ്പിലാകാത്തിടത്തോളം കാലം നൂറുശതമാനം സാക്ഷരത തിങ്ങിനിൽക്കുന്ന നമ്മുടെ നാട്ടിൽ നിന്നും കള്ളവും ചതിയും വഴിമാറുകയില്ല. തെരുവോരത്ത് നിരത്തിനിർത്തി കുറ്റവാളികളെ ചാട്ടവാറിനടിക്കുന്ന രീതി നമുക്കില്ലല്ലോ!*

*അഴിമതിയുടെ താരാട്ടുകേട്ടുറങ്ങുന്ന തമിഴ്നാട്ടിൽ പോലും അഴിമതിക്ക് ഒരന്തസ്സുണ്ട്; കാരണം, "അഴിമതിയുടെ വികസനമെന്നല്ല, വികസനത്തിലൂടെ അഴിമതി" എന്നതാണ് അവിടുത്തെ അടിസ്ഥാന മുദ്രാവാക്യം! കാലചക്രത്തിരിവിൽ നാം ആട്ടിപ്പായിച്ച വിദേശികൾ നിർമ്മിച്ച ആലുവാ മാർത്താണ്ഡവർമ്മ പാലവും തേവര വെണ്ടുരുത്തി പാലവുമൊക്കെ ഇന്നും ഉപയോഗത്തിലിരിക്കുന്നു; അത്ര ദൂരേക്കു പോകുവാൻ മടിയാണെങ്കിൽ മെട്രോമാൻ ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ ബജറ്റു തുകയുടെ പകുതി ചെലവാക്കി നിർമ്മിച്ച വടുതല മേൽപ്പാലം നോക്കിയാലും മതി. അഴിമതിക്കാരായ വ്യക്തികളെ ഈ പാലത്തിൽ പ്രദർശന വസ്തുക്കളായി വെച്ചാൽപോലും ആരും പാഠം പഠിക്കില്ല; കാരണം, അഴിമതിക്കാർ വെറും വെള്ള തേച്ച ശവക്കല്ലറകളാണ്!*

*ശവക്കല്ലറകളെക്കുറിച്ച് പറഞ്ഞപ്പോഴാണ് ദേവാലയങ്ങളെക്കുറിച്ചോർത്തത്. ഇന്ന് ദേവാലയങ്ങളിൽ പലതും "ഒഴിഞ്ഞ കല്ലറകൾ" ആണ്- അവിടെ ദൈവം വസിക്കുന്നില്ല! അവിടെ ആധിപത്യം നടത്തുന്നത് കുറെ വെള്ളതേച്ച ശവക്കല്ലറകളും! പുരോഹിതന്മാരും നേതാക്കന്മാരും ഇന്നു മെഗാസ്റ്റാറുകളുമായി മാറിയിരിക്കുന്നു! 'ഹൂത്തോമ്മായും' 'പ്രൊമിയോനും' 'മരണപ്രാർത്ഥന'യുമൊക്കെ താളനിബദ്ധമായി ചൊല്ലി, ഉപജാപകവൃന്ദങ്ങളെക്കൊണ്ട് വാട്സാപ്പിലും ഫേസ്ബുക്കിലും അവതരിപ്പിച്ച്, റേറ്റിംഗ് തേടുന്നവരും ഒഴിഞ്ഞ കല്ലറകൾ തന്നെ! ദൈവം എവിടെയോ ഉറങ്ങിക്കിടക്കുകയാണെന്നു കരുതി, നാലഞ്ചു കിലോമീറ്റർ ചുറ്റളവിലെവിടെയെങ്കിലും ദൈവമുണ്ടെങ്കിൽ കേൾക്കട്ടെ എന്ന*

*വിചാരത്തിൽ, നാടെങ്ങും ഉച്ചഭാഷിണി സ്ഥാപിച്ച്, ആരാധനകൊണ്ട് ശബ്ദമലിനീകരണം നടത്തുന്നവർ ദൈവം തങ്ങളുടെ ദൈവാലയത്തിൽ ഇല്ല എന്നുറക്കെ പ്രഖ്യാപിക്കുകയാണ്. ആരാധനയുടെ ശബ്ദം ദൈവാലയത്തിന്റെ മതിൽക്കെട്ടിനുള്ളിൽ നിൽക്കേണ്ടതാണ്; അത് നാട്ടുകാർക്കുള്ള കലാപരിപാടിയല്ല.*

*പ്രശ്നങ്ങളാൽ നട്ടം തിരിയുന്ന മനുഷ്യർ ഒരാശ്വാസത്തിനാണു ദേവാലയങ്ങളിലേക്കു വരുന്നത്. പക്ഷേ അവിടുത്തെ പ്രധാന പരിപാടി പണപ്പിരിവാണ്. ഇത് പ്രധാനമായും ആരാധനാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ സാധുസംരക്ഷണത്തിനോ അല്ല, ഭരിക്കുന്നവരുടെ ആഡംബരങ്ങൾക്കു വേണ്ടിയാണ് എന്ന ചിന്ത ദിവസേന പ്രബലപ്പെട്ടുവരുന്നു. അതിനുവേണ്ടി മതജീവിതത്തെ വിശ്വാസത്തിൽ നിന്ന് ആചാരങ്ങളിലേക്കും ആചാരങ്ങളുടെ മറവിൽ ചൂഷണങ്ങളിലേക്കും വഴിതിരിച്ചു വിടുകയാണ് ചെയ്യുന്നത്. എല്ലാ ദൈവാലയങ്ങളും മോശമാണെന്നല്ല, നല്ല ദൈവങ്ങളോടുള്ള പൂർണ്ണ ബഹുമാനത്തോടെ, തെറ്റായ ദിശയിൽ ചരിച്ചുകൊണ്ടിരിക്കുന്ന ദൈവാലയങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.*

*വിളിച്ചാൽ വിളിപ്പുറത്തു വരുന്ന ദൈവം... "ഇറങ്ങിവാ" എന്നലറിവിളിച്ചാൽ പേടിച്ചിറങ്ങി വന്ന് രോഗശാന്തി നൽകുന്ന ദൈവം... കോടികൾ വിലമതിക്കുന്ന കൊട്ടാരങ്ങളും വാഹനങ്ങളും നൽകി ചില ദൈവദാസന്മാരെ മാത്രം അനുഗ്രഹിക്കുന്ന ദൈവം.... ഇതാണോ നാം ഒഴിഞ്ഞ കല്ലറയിൽ തേടുന്നത്? വേണ്ടാ... ദൈവം അവിടെ നിന്നു പോയിക്കഴിഞ്ഞിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അതാ പുറകിൽ ഒരു തോട്ടക്കാരന്റെ രൂപത്തിൽ നിൽക്കുന്നു.... ദൈവത്തിന്റെ വാക്കുകൾ വിശ്വസിച്ച് ഉയിർപ്പിനായി കാത്തിരുന്ന മറിയയ്ക്ക് യേശുവിനെ കാണുവാൻ സാധിച്ചു.... എല്ലാം മറന്ന് പഴയ തൊഴിലിലേക്കു മടങ്ങിയ ശിഷ്യന്മാർക്ക് അതു സാധിച്ചില്ല! മറിയ ഒരു പ്രതീകമാണ്– ദൈവത്തിൽ വിശ്വസിക്കുന്നവരുടെ പ്രതീകം! കർത്തൃശിഷ്യന്മാരും പ്രതീകമാണ്... എല്ലാം കണ്ടിട്ടും അറിഞ്ഞിട്ടും പിന്തിരിയുന്നവരുടെ പ്രതീകം!... മറിയ വന്നു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവർ 'അലേർട്ട്' ആയി. ഇന്നു നമുക്കും ഒരു 'അലേർട്ട്' ആവശ്യമാണ്... നമ്മിൽ ഉറങ്ങിക്കിടക്കുന്ന ഭക്തിയെയും വിശ്വാസത്തെയും തട്ടിയുണർത്തുവാൻ ഒരു 'അനുഭവം' വേണ്ടിയിരിക്കുന്നു. നാം ഉണർന്ന് എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് പ്രധാനം.*

*ഈ ലക്കം നിങ്ങളുടെ കൈകളിൽ എത്തുമ്പോഴേക്കും ഭാരതമഹാരാജ്യത്തെ 17–ാം ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവന്നിരിക്കും. ആലോചിക്കുക: ഒഴിഞ്ഞ കല്ലറയിലാണോ നിങ്ങൾ ആശ്രയം തേടിയത്?... നിങ്ങൾ ആരാധനയ്ക്കായി ദേവാലയത്തിലേക്ക് (മതമേതുമാവട്ടെ) പോകുമ്പോൾ ആലോചിക്കുക: ഒഴിഞ്ഞ കല്ലറയിലേക്കാണോ നിങ്ങളുടെ യാത്ര? നിറഞ്ഞ ദൈവാലയത്തിൽ ബാലനായ യേശുവിനെ തേടിയെത്തി, കണ്ടുപിടിച്ച്, തന്റെ കൂടെ കൂട്ടിക്കൊണ്ട് ഭവനത്തിലേക്കു പോയ മാതാവായ മറിയാമിനെ ഓർമ്മിക്കുക. കല്ലറ മരണത്തിന്റെ പ്രതീകമാണ്; ഉയിർപ്പ് ജീവന്റെയും! പ്രവൃത്തി ജീവന്റെ ലക്ഷണമാണ്; അത് സൽപ്രവൃത്തിയാകട്ടെ!* ◎

ചരിത്രജാലകം

അഡ്വ. വർഗീസ് പി. തോമസ്

# ലോക തൊഴിലാളി ദിനം വരുമ്പോൾ യേശുവിനെ ഓർക്കുക



**"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"**

മെയ് ഒന്നാം തീയതി ലോക തൊഴിലാളി ദിനമായി ആചരിക്കപ്പെടുന്നു. വാർത്തകളിലും ലേഖനങ്ങളിലും വർഷങ്ങളായി മുഴങ്ങുന്ന ആശയം "സർവ്വരാജ്യ തൊഴിലാളികളേ, സംഘടിക്കുവിൻ... നഷ്ടപ്പെടുവാൻ വിലങ്ങുകൾ, കിട്ടാനുള്ളതു പുതിയൊരു ലോകം". കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയ്ക്കും, ദാസ് കാപ്പിറ്റലിനും ജന്മം നൽകിയ മാർക്സും ഏംഗൽസും ആണ് ഈ ആശയത്തിന് രൂപം നൽകിയത്. ലോകത്തിന് അവർ ഒരു പുതിയ തൊഴിൽ സംസ്കാരം നൽകിയെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു.

വാസ്തവത്തിൽ നീതിയുക്തവും ഉദാത്തവുമായ തൊഴിൽ സംസ്കാരം കർത്താവായ യേശുക്രിസ്തുവാണ് ഈ ലോകത്തിനു നൽകിയതെന്ന് ആരും വിസ്മരിക്കരുത്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നും, "എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു" എന്നും (മത്തായി 11: 28-30), മാലോകരെല്ലാവരോടും രണ്ടായിരം വർഷങ്ങൾക്കു മുൻപ് അരുളിച്ചെയ്ത യേശുനാഥന്റെ വചനത്തിലെ ആശയം പ്രത്യാശ നൽകുന്ന പുതിയൊരു ലോകത്തെ അല്ലേ കാണിച്ചു തന്നത്? ഇതിൽ ആത്മീയതയും ഭൗതികതയും അടങ്ങിയിരിക്കുന്നു. ഈ ആശയത്തിലെ 'അദ്ധ്വാനം' മൃദുവും പ്രതിഫലം സർവ്വ ആവശ്യങ്ങളും നിറവേറ്റുന്നവയുമാണ്. കമ്മ്യൂണിസ്റ്റ് തിയറിയിലെ അന്തിമ ലക്ഷ്യമായ 'വർഗ്ഗരഹിത സമൂഹം' 'എല്ലാം പൊതു വക എന്നെണ്ണി' എന്ന് അപ്പൊസ്തല പ്രവൃത്തി 2:45-46 ൽ കാണുന്ന സാമൂഹ്യപരിവർത്തനം എന്ന ആശയത്തിൽ നിന്ന് ഉത്ഭവിച്ചതല്ലേ? ദൈവരാജ്യത്തെപ്പറ്റിയുള്ള കർത്താവിന്റെ പഠിപ്പിക്കലുകളെ പകർത്തി വേറൊരു രൂപവും ഭാവവും കൊടുത്താൽ ഒളിഞ്ഞിരിക്കുന്ന സത്യം പുറത്താകില്ലെന്ന് ആർക്കു പറയുവാൻ സാധിക്കും?

കർത്താവായ യേശുക്രിസ്തു സാധാരണ മനുഷ്യനു മനസ്സിലാക്കുവാൻ ഉതകും വിധം പലവിധ ഉപമകളും ദൃഷ്ടാന്തങ്ങളും പരസ്യശുശ്രൂഷാ കാലത്തു നൽകിയിരുന്നു. തൊഴിലിനെപ്പറ്റിയും അദ്ധ്വാനത്തെപ്പറിയും പറയുന്നിടത്ത് കൃഷിക്കാർ, മുക്കുവന്മാർ, വ്യാപാരം ചെയ്യുന്നവർ, ചുങ്കക്കാർ, സാധാരണ തൊഴിലാളികൾ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയാണ് വിവരണങ്ങൾ നൽകിയിട്ടുള്ളത്. ഓരോരുത്തരുടെയും പരിശ്രമശീലം എന്ന ഗുണവിശേഷം കർത്താവ് ശ്ലാഘിക്കുകയും ഉയർത്തിക്കാട്ടുകയും ചെയ്തു. അനേകം ഉദാഹരണങ്ങൾ വേറെ ഉള്ളത് വിസ്താരഭയത്താൽ കുറിക്കുന്നില്ല.

പഴയനിയമ ചരിത്രം പരിശോധനയ്ക്കു വിധേയമാക്കിയാൽ മാത്രമേ തൊഴിൽ സംസ്കാരത്തിനു വ്യക്തത വരുകയുള്ളൂ. യഹോവയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ട് തോട്ടത്തിൽ വേല ചെയ്യുന്നതിനും അതിനെ സംരക്ഷിക്കുന്നതിനുമാണ് നിയോഗിച്ചത്. മനുഷ്യന്റെ വീഴ്ചയ്ക്കു ശേഷമാണ് അവൻ തനിക്കുവേണ്ടിത്തന്നെ അദ്ധ്വാനിക്കേണ്ടി വന്നത്. അത്യുന്നതനായ ദൈവം നൽകുന്ന അദ്ധ്വാനത്തെയോ തൊഴിലിനെയോ, അത് എത്ര കഠിനമായാൽ തന്നെയും, മനുഷ്യൻ വെറുക്കരുത്.

ആറു ദിവസം സൃഷ്ടികർമ്മം നടത്തിയിട്ട് ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്ന് ഉൽപ്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ തുടർച്ചയെന്നോണം, ന്യായപ്രമാണം അനുസരിച്ചും (ആവർത്തനം 5:13) ഏഴാം ദിവസം സ്വസ്ഥമായിരിക്കണം എന്നു പറഞ്ഞിരിക്കുന്നു. വേലയ്ക്ക് അതിൽ തന്നെ പരമപ്രാധാന്യം നൽകാതെ, വിശ്രമത്തിന്റെ

ആവശ്യവും ദൈവത്തോടുള്ള ബന്ധവും കണക്കിലെടുത്ത്, വേലയെ കടിഞ്ഞാണിട്ട്, ശാബത് കൽപനമൂലം വിശ്രമം നിയമവിധേയമാക്കുകയായിരുന്നു. ജോലി ചെയ്യുന്നവൻ കൂലിക്ക് അർഹൻ ആകുന്നു. അന്നന്നുള്ള കൂലി ഒരു അംശം പോലും പിടിക്കാതെ കൊടുത്തിരിക്കണമെന്നും ആവർത്തന പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. "നിന്റെ കൂലിക്കാരനെ നീ പീഡിപ്പിക്കരുത്. അവന്റെ കൂലി അന്നന്നേക്ക് കൊടുക്കണം. സൂര്യൻ അതിന്റെ മേൽ അസ്തമിക്കരുത്. അവൻ ദരിദ്രനും അതിനുവേണ്ടി ആശിച്ചുകൊണ്ടിരിക്കുന്നവനുമല്ലോ. അവൻ നിനക്ക് വിരോധമായി യഹോവയോട് നിലവിളിക്കുവാനും അതു നിനക്ക് പാപമായിത്തീരുവാനും ഇടവരരുത്.'' (ആവർത്തനം 24:14-15)

യഹോയാക്കീം യിസ്രയേലിൽ രാജാവായിരുന്നപ്പോൾ ആറുവിധ കാരണങ്ങളാൽ ശാപമേറ്റു. അതിൽ ഒന്ന് കൂട്ടുകാരനെക്കൊണ്ട് വേല ചെയ്യിച്ചു എന്നും, മറ്റൊന്ന് കൂലി പിടിച്ചുവച്ചിരുന്നു എന്നുമാണ്. (യിരെമ്യാവ് 22:13). അദ്ധ്വാനിക്കാതിരിക്കുന്നവരെയും വേദപുസ്തകത്തിൽ അധിക്ഷേപിക്കുക മാത്രമല്ല, വാക്കുകളാൽ ഭർത്സിക്കുകകൂടി ചെയ്തിരിക്കുന്നു. "വേലയിൽ മടിയനായവൻ മുടിയന്റെ സഹോദരൻ" എന്ന് സദൃശവാക്യം 18:9-ൽ കാണുന്നു.

കർത്താവായ യേശുക്രിസ്തു ലോകത്തിനു നൽകിയ തൊഴിൽ സംസ്കാരമാണല്ലോ പ്രതിപാദ്യ വിഷയം. യേശു കൈത്തൊഴിൽ അഭ്യസിച്ചു വളർന്നവനാണ്. അങ്ങനെയുള്ള ഒരു കുടുംബത്തിൽ ജനിച്ചതിനാൽ തന്റെ വളർത്തുപിതാവായ ജോസഫിന്റെ തൊഴിലിന്റെ മാഹാത്മ്യം അദ്ദേഹം ദർശിച്ചിരുന്നു. പക്ഷേ യഹൂദന്മാർ "ഇവൻ തച്ചന്റെ മകനല്ലയോ" എന്നു പരിഹസിച്ചു. യേശു ലോകത്തിന്റെ തച്ചനാണെന്ന സത്യം അവർ തിരിച്ചറിഞ്ഞില്ല.

തൊഴിൽ ചെയ്യുന്നവരോടും അദ്ധ്വാനിക്കുന്നവരോടും യേശുവിനു സഹതാപവും വാത്സല്യവും ഉണ്ടായിരുന്നു എന്നതിന് അനേകം ഉദാഹരണങ്ങളുണ്ട്. അതിൽ ഒന്നായ മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമയിൽ (മത്തായി: 20) മൂന്നാം മണി നേരത്തും ആറാം മണി നേരത്തും ഒൻപതാം മണി നേരത്തും പതിനൊന്നാം മണി നേരത്തും എത്തി ജോലി ചെയ്തവർക്ക് ഒരുപോലെ കൂലി കൊടുത്തതായി പറയുന്നു. ആദ്യം വന്നവരെ കൂലി പറഞ്ഞ് ജോലിക്കു നിയോഗിക്കുന്നു. മറ്റുള്ളവർ രാവിലെ മുതൽ പതിനൊന്നാം മണി നേരം വരെ ജോലി കിട്ടാതെ നിന്നവരാണ്. അവരെയും ജോലിക്ക് നിയോഗിക്കുന്നു. ഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ചു ജോലി ചെയ്തവർക്കെല്ലാം ഒരു ദിനാർ വെച്ചു നൽകുന്നു. പറഞ്ഞൊത്തവർക്കും പിന്നാലെ വന്നവർക്കും കൊടുത്ത കൂലി ന്യായമായതും ഉടമസ്ഥന്റെ അധികാര സീമയിൽ പെട്ടതുമാണ്. ഉപമ പറയുന്ന കാലത്ത്, ഒരു ദിനാർ പണം ഒരു കുടുംബത്തെ ഒരു ദിവസം പോറ്റുന്നതിനു മതിയായതായിരുന്നു. തങ്ങളുടെ കുടുംബത്തെ പോറ്റുന്നതിനു തയ്യാറായി വന്നവർക്ക് ന്യായമായ കൂലി കൊടുത്തു വിട്ടതിൽക്കൂടി ധനം പൊതുവക എന്നെണ്ണി ആവശ്യക്കാരുടെ ആവശ്യം നിറവേറ്റുവാൻ നമ്മെ പഠിപ്പിക്കുകയാണ്.

തൊഴിൽ ചെയ്യുന്നവർക്ക് ഉപജീവനത്തിന് ന്യായമായതു ചെയ്യുവാൻ തൊഴിലുടമകൾ കടപ്പെട്ടവരാണെന്ന് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ഇന്നു പല സംരംഭങ്ങളും തുടങ്ങുമ്പോൾത്തന്നെ തൊഴിൽ ലഭിക്കുന്നതിനു വേണ്ടി സമരം ചെയ്യുന്നതു കാണാറുണ്ട്. തൊഴിൽ ചെയ്യാതെ അലസരായി നടക്കുന്നവരുണ്ട്. ഇവർ മടിയന്മാരും ശാപഗ്രസ്തരുമാണ് എന്ന് താലന്തുകളുടെ ഉപമയിൽ യേശു എടുത്തുപറയുന്നുണ്ട്. ഒരു പക്ഷേ ആധുനിക യുഗത്തിൽ, പ്രത്യേകിച്ച് "ദൈവത്തിന്റെ സ്വന്തം നാടായ" നമ്മുടെ സംസ്ഥാനത്ത് ആയിരിക്കും ഭൂതപ്പണം ഈടാക്കുവാൻ ചില തൊഴിൽ സംഘടനകൾ ആദ്യമായി തുടങ്ങിയത്. അദ്ധ്വാനിക്കുവാനുള്ള കായികബലമാകുന്ന താലന്ത് ഉപയോഗിക്കാതെ കൗശലത്തിൽ ജീവിക്കുന്നവനെ ദുഷ്ടനും മടിയനുമായി ദൈവം കാണുന്നു. ഈ തൊഴിൽ സംസ്കാരം സമൂഹ നന്മയ്ക്ക് ഉതകുന്നതല്ല. മറിച്ച്, പാപവും ശാപവുമാണ്.

യേശുക്രിസ്തു നമുക്കു കാട്ടിത്തന്ന തൊഴിൽ സംസ്ക്കാരത്തിലെ അദ്ധ്വാനം ലഘുവും, അതിനു ലഭിക്കുന്ന പ്രതിഫലം അവനവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നവയും, മൂല്യം അളവില്ലാത്തതുമാണ്. പ്രിയമുള്ളവരെ, കൊയ്ത്തോ ധാരാളം; എന്നാൽ വേലക്കാരോ ചുരുക്കം. വിളിച്ചവന്റെ വയലിൽ ജോലി ചെയ്‌വാൻ നാം മെനക്കെട്ട് നിൽക്കേണ്ട ആവശ്യം വരികയില്ല. നീ തയ്യാറാണോ? എങ്കിൽ ഇപ്പോൾ സമ്മതിക്ക! ഇതാണ് കർത്താവായ യേശുക്രിസ്തുവിന്റെ തൊഴിൽ സംസ്കാരം. ◎

ഉയിർപ്പുദിന ചിന്തകൾ

ഫാ. സി.എ.ഐസക്ക്, ഹരിപ്പാട്

# കുരിശിലൂടെ ഉയിർത്തെഴുന്നേൽപ്പ്

ഉയിർത്തെഴുന്നേൽക്കുവാൻ കർത്താവു സ്വീകരിച്ച വഴിയാണ് കുരിശ്. ശാരീരികമായ മഹാത്ഭുതം എന്ന നിലയിൽ കർത്താവിനു മാത്രം സാദ്ധ്യമാകുന്ന, ലോകചരിത്രത്തിൽ ഒരിക്കലായി മാത്രം സംഭവിച്ച, അദ്വിതീയ സംഭവമാണ് ഉയിർത്തെഴുന്നേൽപ്പ്. അതിന് സമാനതകളില്ല, താരതമ്യവുമില്ല. എന്നാൽ ഓരോ വ്യക്തിയുടെ ജീവിതത്തിലും സമഗ്രമായ രൂപാന്തരത്തോടുകൂടിയ ഉയിർത്തെഴുന്നേൽപ്പു സാദ്ധ്യമാണ് എന്ന് കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് നമ്മെ പഠിപ്പിക്കുന്നു. കടുത്ത പ്രതിസന്ധികളിൽ നിന്നും, മാരക രോഗങ്ങളുടെ പിടിയിൽ നിന്നും, എഴുന്നേൽക്കുവാൻ സാദ്ധ്യമാകാത്തവിധം തകർന്നടിഞ്ഞ നിരാശാപൂർണ്ണമായ ജീവിതസാഹചര്യങ്ങളിൽ നിന്നും, അതിനെയെല്ലാം തോൽപ്പിച്ച് എഴുന്നേൽക്കുക, പുത്തൻ ഉണർവ് ജീവിതത്തിൽ നിലനിർത്തുക, എന്നിവയെല്ലാം കർത്താവിന്റെ ഉയിർപ്പ് നമുക്ക് നൽകുന്ന ആത്മീയ സന്ദേശമാണ്. ശരീരത്തിന്റെ താല്പര്യങ്ങളും ലോകത്തിന്റെ മോഹങ്ങളും നിഗ്രഹിച്ച്, പാപത്തെ നിരന്തരം കീഴ്പ്പെടുത്തി, ശരീരത്തെ വിസ്മരിച്ച് കഴിയുമ്പോൾ നാം തേജസ്കരിക്കപ്പെട്ട ശരീരധാരികളായി ഉയിർപ്പിന്റെ അവസ്ഥയിലായിത്തീരും. ഈ അവസ്ഥയിലെത്തുന്നതിന്റെ വഴിയായിട്ടാണ് കർത്താവ് കുരിശിനെ ഉയർത്തിക്കാണിക്കുന്നത്. ഉയിർപ്പിന്റെ അവസ്ഥയിലേക്കുള്ള വളർച്ച ഓരോ ദിവസവും സാദ്ധ്യമാകണം. അതുകൊണ്ടാണ് "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ നാൾതോറും തന്റെ കുരിശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന് കർത്താവ് പറഞ്ഞിരിക്കുന്നത്.

ലോകത്തിന്റെ കാഴ്ചപ്പാടുകൾക്ക് വിപരീതമായ കാഴ്ചപ്പാടുകളിലൂടെ ജീവിതത്തെ നോക്കിക്കാണുവാൻ കഴിയുന്നവർക്ക് മാത്രമേ കുരിശിന്റെ അർത്ഥം മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഉന്നത സമ്പാദ്യങ്ങളും, അധികാര പദവികളും, സ്വാധീനശക്തിയും ഉറപ്പിച്ച് ഔന്നത്യത്തിന്റെ മേഖലകൾ കീഴ്പ്പെടുത്തി മുന്നേറുന്ന സമൂഹത്തോട്, കഷ്ടതയുടെ മാർഗ്ഗത്തിലൂടെ വിജയം നേടുവാൻ കർത്താവ് ആവശ്യപ്പെടുന്നു. നിത്യജീവൻ അവകാശമാക്കുവാൻ എന്തു ചെയ്യണം എന്ന് ആവശ്യപ്പെട്ടു വരുന്ന യുവാവിനോട് ഇനി നിനക്ക് ഒരു കുറവുണ്ട് എന്ന് കർത്താവ് പറയുന്നു. ആ കുറവ് പരിഹരിക്കുവാൻ അവനുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ അഥവാ അവന്റെ കൈയ്യിലുള്ളത് ഉപേക്ഷിക്കുവാൻ കർത്താവ് ആവശ്യപ്പെടുന്നു. സാധാരണ നിലയിൽ ഒരു കുറവു പരിഹരിക്കുവാൻ നാം എന്തെങ്കിലുംകൂടി നേടിയെടുക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഇവിടെ കുറവ് നികത്തുവാൻ ഇനിയും നഷ്ടപ്പെടുത്തണം എന്നാവശ്യപ്പെടുന്നു. ലോകദൃഷ്ടിയിലെ വൈരുദ്ധ്യങ്ങളാണ് ദൈവദൃഷ്ടിയിലെ യാഥാർത്ഥ്യങ്ങൾ.

തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന് പഠിപ്പിക്കുമ്പോഴും ഉയർത്തപ്പെടുവാൻ ആഗ്രഹിക്കുന്നവർ താഴുവാൻ ആവശ്യപ്പെടുകയാണ് കർത്താവു ചെയ്യുന്നത്. സ്വന്തം വാദം ശരിയാക്കുവാൻ കടുത്ത വാക്കുതർക്കങ്ങളിലേർപ്പെടുന്നവരും, ലോകസമ്പാദ്യങ്ങൾക്കുവേണ്ടി നിരന്തരം ഓടുന്നവരും, അധികാരത്തിനുവേണ്ടിയുള്ള വടംവലികൾ നടത്തുന്നവരും, സ്വന്തം കാര്യസാധ്യത്തിനായി ഏതു കൊടുംക്രൂരതയും മനഃസാക്ഷിക്കുത്തില്ലാതെ പ്രവർത്തിക്കുന്നവരും വിഹരിക്കുന്ന ഈ ലോകത്തിൽ കർത്താവിന്റെ ഉപദേശം വറചട്ടിയിൽ വീഴുന്ന വെള്ളംപോലെ തൽക്ഷണം കരിഞ്ഞുണങ്ങുകയാണ്. തന്നെയുമല്ല, താഴ്ചയുടെയും വിനയത്തിന്റെയും നീതിയുടെയും സത്യത്തിന്റെയും വഴികളിലൂടെ സഞ്ചരിക്കുന്നവർ

നിർദ്ദയം ചവുട്ടിത്താഴ്ത്തപ്പെടുന്ന ഈ ലോകത്തിൽ കർത്താവിന്റെ ഉപദേശം വിപരീതമായി കേൾക്കപ്പെടുകയും പലപ്പോഴും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു.

നിങ്ങളിൽ ഒന്നാമൻ ആകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആയിരിക്കട്ടെ എന്ന് കർത്താവു പറയുന്നിടത്തും ഈ തത്വം ശ്രദ്ധേയമാണ്. ശുശ്രൂഷക്കാരൻ അഥവാ വേലക്കാരൻ സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്നകന്ന് അവഗണനയുടെയും തള്ളപ്പെടലിന്റെയും അനുഭവത്തിലൂടെ യാത്ര ചെയ്യേണ്ടിവരുന്നവനാണ്. അപ്രകാരമുള്ള ഈ ലോകത്തിൽ "വേലക്കാരനിലൂടെ യജമാനനിലേക്കെത്തുന്ന" സാഹസിക യാത്രയ്ക്ക് കർത്താവ് ആഹ്വാനം ചെയ്യുന്നു. ഇവിടെയെല്ലാം ലോകത്തിന്റെ മാനദണ്ഡങ്ങളെ കർത്താവു വെല്ലുവിളിക്കുകയാണ്.

കുരിശിലൂടെ ഉയിർത്തെഴുന്നേൽപ്പ് എന്ന ആശയം മുകളിൽ വിവരിച്ച പശ്ചാത്തലത്തിലൂടെ ചിന്തിക്കുമ്പോൾ കൂടുതൽ വ്യക്തമാകും. കുരിശിന്റെ വേദന സ്വന്തം ജീവിതത്തിൽ ഏറ്റുവാങ്ങുവാൻ തയ്യാറാകുമ്പോൾ മാത്രമേ ഉയർപ്പിന്റെ വിസ്മയകരമായ ആനന്ദം ജീവിതത്തിൽ അനുഭവിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് പ: പൗലോസ് ശ്ലീഹാ പറയുന്നത്, "യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ഞങ്ങൾ എപ്പോഴും ശരീരത്തിൽ വഹിക്കുന്നു" എന്ന് (2 കൊരി. 4:10). ആ ഭീകരവേദന ശരീരത്തിൽ എപ്പോഴും ഏറ്റുവാങ്ങുവാൻ തയ്യാറുള്ളവർക്ക് മാത്രമാണ് യേശുവിന്റെ ജീവന്റെ അവകാശം. പുനരുത്ഥാനം ചെയ്ത കർത്താവിന്റെ ജീവൻ മർത്യശരീരത്തിൽ ഏറ്റുവാങ്ങുക എന്നതായിരുന്നു പൗലോസ് ശ്ലീഹാ പുനരുത്ഥാനത്തിന് നൽകിയ അർത്ഥം. ആ ജീവനിലേക്ക് പ്രവേശിക്കുവാൻ എന്തു വില നൽകുവാനും പൗലോസ് ശ്ലീഹാ തയ്യാറായിരുന്നു.

തന്റെ മനുഷ്യാവതാര കാലഘട്ടം മുഴുവൻ കുരിശിന്റെ അർത്ഥം കർത്താവ് തെളിയിച്ചു. ഗദ്സമനേ തോട്ടത്തിൽ വിയർപ്പുതുള്ളികൾ ചോരത്തുള്ളികൾ പോലെ നിലത്തു വീഴുമ്പോഴും, "പിതാവേ എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം തന്നെ നിറവേറട്ടെ" എന്ന് പ്രാർത്ഥിച്ചതിലൂടെ, ആത്മസമർപ്പണത്തോടെ സ്വന്തജീവൻ പിതാവാം ദൈവത്തിന് വിട്ടുകൊടുക്കുന്ന കുരിശിന്റെ പ്രാർത്ഥന വെളിപ്പെടുത്തുകയായിരുന്നു. സെഹിയോൻ മാളികയിൽ തൂവാല അരയിൽകെട്ടി ശിഷ്യന്മാരുടെ കാൽ കഴുകുന്ന ശുശ്രൂഷയിലെ വിനയം, സ്വയം താഴ്ത്തലിന്റെ അടിത്തട്ടുവരെ ഇറങ്ങുവാൻ ലോകത്തെ പഠിപ്പിക്കുന്ന കുരിശിന്റെ പ്രത്യയശാസ്ത്രം ആണ്. പീലാത്തോസിന്റെ അരമനയിലെ വിസ്താരവേളയിലെ പരിഹാസങ്ങൾക്ക് മറുപടിയായ മൗനവും, കാൽവരി കുരിശിൽ അടിയും തുപ്പലുമേൽക്കുമ്പോൾ അവർക്കുവേണ്ടി നടത്തുന്ന പ്രാർത്ഥനയും കുരിശിന്റെ പ്രതികരണശൈലി വെളിപ്പെടുത്തുന്ന വേളകളാണ്. കുരിശിലെ പരിത്യാഗത്തിനും വേദനയ്ക്കും വാക്കുകൾകൊണ്ടു കുറിക്കുവാൻ കഴിയുന്നതിലപ്പുറമായി അർത്ഥമുണ്ടെന്ന് തെളിയിച്ച ഒരു ജീവിതമാണ് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റത്.

കുരിശിനെ ഒഴിവാക്കുവാനല്ലാ അതിനെ ഏറ്റുവാങ്ങുവാനാണ് യേശുക്രിസ്തു നമ്മോടാവശ്യപ്പെടുന്നത്. കുരിശിൽ സ്നേഹത്തിന്റെയും ക്ഷമയുടെയും അനുസരണത്തിന്റെയും പരിത്യാഗത്തിന്റെയും ചിഹ്നങ്ങൾ അതിന്റെ നാലു കോണുകളിലായി ആലേഖനം ചെയ്തിരിക്കുന്നു. ഈ ശ്രേഷ്ഠമൂല്യങ്ങൾ വ്യാഖ്യാനാതീതമായി കുരിശിൽ തെളിഞ്ഞുനിൽക്കുന്നു. ഈ മൂല്യങ്ങൾ ജീവിതത്തിന്റെ മൂലക്കല്ലുകളാകുമ്പോൾ മാത്രമാണ് ജീവിതത്തിന് കെട്ടുറപ്പ് ലഭിക്കുന്നത്. ആ അടിസ്ഥാനത്തിൽ പണിയപ്പെടുന്ന സൗധത്തിന്റെ ഉറപ്പും മിഴിവും ഉയിർപ്പിന്റെ മനോഹാരിതയാണ്. പ്രതികൂല സാഹചര്യങ്ങൾക്കും പ്രതിലോമ ശക്തികൾക്കും തകർക്കുവാനോ കീഴ്പ്പെടുത്തുവാനോ കഴിയാത്ത ശക്തമായ സൗധമായി നമ്മുടെ ജീവിതം രൂപാന്തരപ്പെടണം. അതായിരിക്കട്ടെ ഉയിർപ്പിന്റെ സന്ദേശം. ഈ ഉയിർപ്പ് അനുദിന ജീവിതത്തിൽ അനുഭവിക്കുവാൻ നമുക്ക് ഇടയാകട്ടെ.

◎

ബൈബിൾ ചിന്തകൾ – 79

പ്രൊഫ. എം. വൈ. യോഹന്നാൻ

# ക്രിസ്തുവിന്റെ വഴികൾ



*സുവിശേഷകനായ ഒരു അപ്പനും മകനും ദൈവത്തിന്റെ വേല ചെയ്യാൻ എല്ലാ ദിവസവും വീട്ടിൽ നിന്നിറങ്ങും. എന്നാൽ ഒരു ദിവസം വലിയ മഴ! ഭയങ്കരമായ തണുത്ത കാറ്റ്! വീട്ടിൽ നിന്നിറങ്ങാൻ തോന്നുന്നില്ല. അപ്പൻ പറഞ്ഞു: "മോനേ, ഇന്നു പോകുന്നില്ല." മോൻ പറഞ്ഞു: "അയ്യോ അപ്പാ, ഞാൻ ഡ്രസ്സ് ചെയ്തു, പോകാൻ തയ്യാറായല്ലോ. നമുക്ക് പോകാം."*

*"മോനേ, വയ്യ, ഈ തണുപ്പത്ത് വയ്യ!" അപ്പൻ പറഞ്ഞു.*

*"അപ്പാ, സാരമില്ല, ഞാൻ പോയ്ക്കോളാം" കൊച്ചു കുട്ടിയാണെങ്കിലും അവൻ അപ്പന്റെ അനുവാദം വാങ്ങി പോയി. മഴയും തണുപ്പും കാരണം അടച്ചിട്ടിരിക്കുന്ന വീടുകളിലെ വാതിലുകളിൽ അവൻ മുട്ടും, വാതിൽ തുറക്കും, പുസ്തകം കൊടുക്കും, ദൈവത്തിന്റെ സ്നേഹത്തെപ്പറ്റി പറഞ്ഞിട്ട് അവൻ ഇറങ്ങിപ്പോരും. കുറേ വീടുകൾ കയറി, ഇനി അവന്റെ കൈയിൽ ഒരു പുസ്തകം മാത്രമുണ്ട്. അവൻ അതുകൂടി കൊടുത്തിട്ട് പോകാമെന്ന് മനസ്സിൽ നിശ്ചയിച്ചു.*

*പിന്നീട് കണ്ട വീടിനകത്ത് ആരും ഉള്ള ലക്ഷണം തോന്നിയില്ല. എന്നാലും അവൻ കോളിംഗ് ബെൽ അടിച്ചു. ഒന്നടിച്ചു, രണ്ടടിച്ചു, മൂന്നടിച്ചു, ആരും വാതിൽ തുറന്നില്ല. അവൻ കോളിംഗ് ബെല്ലിൽ കൈപിടിച്ച് അമർത്തിക്കൊണ്ടേയിരുന്നു. ആരും തുറക്കുന്നില്ല. പോയാലോ എന്ന് അവൻ വിചാരിച്ചു, പക്ഷേ പോകാൻ മനസ്സ് വന്നില്ല.*

*അവൻ തിരിച്ചു പോകാൻ ഗേറ്റിലേക്ക് അല്പം നടന്നതാണ്. പക്ഷേ, പിന്നെയും തിരിച്ചുചെന്ന് ഒരിക്കൽ കൂടി കോളിംഗ് ബെൽ അമർത്തി, എന്നിട്ട് തെരുതെരെ വാതിലിൽ മുട്ടി. അപ്പോൾ ഒരു സ്ത്രീ വന്ന് വാതിൽ തുറന്നു. വളരെ പാരവശ്യം പൂണ്ട ഒരു സ്ത്രീ. മുഖത്തൊരു സമാധാനമില്ല, സന്തോഷമില്ല, മനസ്സ് പതറിയിരിക്കുന്ന ഒരു സ്ത്രീ.*

*അവൻ പുഞ്ചിരിയോടെ ആ സ്ത്രീയോട് പറഞ്ഞു: "ഞാൻ സമാധാനസന്ദേശം അറിയിക്കാൻ, യേശു നിങ്ങളെ സ്നേഹിക്കുന്നു എന്ന കാര്യം അറിയിക്കാൻ വന്നതാണ്. ഈ ചെറിയ പുസ്തകം നിങ്ങൾ ഒന്നു വായിച്ചു നോക്കാമോ?" അത് കൊടുത്തിട്ട് അവൻ അവരോട് യാത്ര പറഞ്ഞ് തിരികെ പോന്നു.*

*അതിന്റെ തൊട്ടടുത്ത കൂട്ടായ്മദിവസം. അതുവരെ ആ കൂട്ടായ്മയിൽ വന്നിട്ടില്ലാത്ത ഒരു സ്ത്രീ എഴുന്നേറ്റു പറഞ്ഞു: എനിക്കൊരു സാക്ഷ്യമുണ്ട്. കഴിഞ്ഞദിവസം ഞാൻ പലവിധത്തിൽ മനസ്സ് വിഷമിച്ച് ഭാരപ്പെട്ടിരിക്കുകയായിരുന്നു. മരിക്കാമെന്ന് വിചാരിച്ച് ഒരു കയറെടുത്ത് മുകളിൽ കെട്ടിയിട്ട് കയറിന്റെ കുരുക്ക് എന്റെ കഴുത്തിലിട്ട് ചാടാൻ തുടങ്ങിയപ്പോഴേയ്ക്ക് വീടിന്റെ കോളിംഗ് ബെൽ ആരോ തെരുതെരെ അടിക്കുന്നു. തുറക്കണ്ട എന്ന് തീരുമാനിച്ചു. പക്ഷേ, വീണ്ടും വീണ്ടും ബെല്ലടിക്കുക മാത്രമല്ല, വാതിലിൽ തെരുതെരെ മുട്ടുക കൂടി ചെയ്യുന്നു.*

*അപ്പോൾ ഞാൻ എന്റെ കഴുത്തിൽ നിന്ന് കുടുക്ക് ഊരി മാറ്റിവച്ചിട്ട് ചെന്നു. ആരാ വന്നതെന്ന് നോക്കിയിട്ട് പിന്നെ വന്ന് മരിക്കാമെന്ന് വിചാരിച്ചു. വാതിൽ തുറന്നപ്പോൾ ഒരു കൊച്ചുകുട്ടി നിൽക്കുന്നു. അവൻ നല്ല പുഞ്ചിരിയോടുകൂടി എന്നോട് പറഞ്ഞു: 'യേശു നിങ്ങളെ സ്നേഹിക്കുന്നു' എന്ന്. എനിക്ക് അത് ഒരത്ഭുതമായിത്തോന്നി. എന്നെ സ്നേഹിക്കാൻ ആരുമില്ല എന്നോർത്താണ് ഞാൻ മരിക്കാൻ തുടങ്ങിയത്. ഞാൻ വിധവയായ സ്ത്രീ. എനിക്ക് മക്കളില്ല; എനിക്ക് സമാധാനമില്ല; ഞാൻ ആർക്കുവേണ്ടി ജീവിക്കണം? ഇങ്ങനെ ഒരു സ്വസ്ഥതയും ഇല്ലാത്തതുകൊണ്ട് മരിക്കാൻ തുടങ്ങിയതാണ്.*

*ഞാൻ ആ കുഞ്ഞ് തന്ന പുസ്തകവും വേദപുസ്തകവും വായിച്ചു. അതോടുകൂടി എനിക്ക് വലിയ സമാധാനം കിട്ടി. യേശു എന്റെ ഹൃദയത്തിലേക്ക് വന്നു. ഞാൻ ഇന്നൊരു ഭാഗ്യവതിയാണ്. ആ കുട്ടി തന്ന പുസ്തകത്തിൽ ഇവിടെ നടക്കുന്ന കൂട്ടായ്മയുടെ അഡ്രസ്സ് എഴുതിയിരുന്നു. ആ അഡ്രസ്സ് കണ്ടാണ്*

ഞാൻ വന്നത്. ദൈവത്തിന്റെ വഴികൾ എത്ര അത്ഭുതകരമാണ്.

ഒരിക്കൽ ലണ്ടൻ നഗരത്തിൽ ഒരു വൈകുന്നേരസമയം ഒരാൾ വീട്ടിൽനിന്നിറങ്ങി റോഡിൽ എത്തി ഒരു വാടകക്കുതിരവണ്ടി കൈകാണിച്ചു നിർത്തി അതിൽക്കയറി, തേംസ് നദിയുടെ തീരത്തേക്ക് പോകുക എന്ന് വണ്ടിക്കാരനോട് പറഞ്ഞു. അദ്ദേഹം മ്ലാനവദനനാണ്, ക്ഷീണിതനാണ്, ചിന്താപരവശനാണ്.

കുതിരവണ്ടി ഓടിക്കുന്ന ആൾ അതൊന്നും ശ്രദ്ധിച്ചില്ല. കുറെ നേരം കഴിഞ്ഞപ്പോൾ കട്ടിക്കൂരിരുട്ട് പോലെ കനത്ത മൂടൽമഞ്ഞ്.

ലണ്ടൻ നഗരത്തിൽ നല്ല പരിചയമുള്ള കുതിരവണ്ടിക്കാരനാണ്. പക്ഷേ, അദ്ദേഹത്തിന് മൂടൽമഞ്ഞ് കാരണം വഴി തിരിച്ചറിയാൻ പറ്റുന്നില്ല. എവിടെയെല്ലാമൊക്കെയോ ചുറ്റിത്തിരിഞ്ഞ് ഒരു ഭാഗത്തെത്തിയപ്പോൾ വണ്ടിക്കാരൻ പറഞ്ഞു: എനിക്ക് സ്ഥലം പിടികിട്ടുന്നില്ല; ഇപ്പോൾ എവിടെയാണ് എത്തിയിരിക്കുന്നതെന്നു പോലും മനസ്സിലാകുന്നില്ല. നിങ്ങൾ ഇവിടെ ഇറങ്ങിക്കൊള്ളൂ; എനിക്ക് വണ്ടി ഓടിച്ചു കൊണ്ടു പോകാൻ പറ്റുന്നില്ല.

അങ്ങനെ വണ്ടിക്കാരൻ അദ്ദേഹത്തെ അവിടെ ഇറക്കിവിട്ടു. സ്ഥലമേതാണെന്ന് അദ്ദേഹത്തിനും മനസ്സിലാകുന്നില്ല. ആ മൂടൽമഞ്ഞിൽക്കൂടി തപ്പിത്തപ്പി നടന്ന് കുതിരയുടെ മുഖംപോലെ ആകൃതിയുള്ള ഒരു ഭാഗത്ത് അദ്ദേഹത്തിന്റെ കൈ തടഞ്ഞു. അദ്ദേഹത്തിന്റെ വീടിന്റെ ഗേറ്റിൽ ഒരു കുതിരയുടെ പ്രതിമ വച്ചിട്ടുണ്ട്. സ്വന്തം വീടിന്റെ മുറ്റത്തു തന്നെ എത്തിയിരിക്കുന്നു എന്ന് പെട്ടെന്നദ്ദേഹം തിരിച്ചറിഞ്ഞു.

അദ്ദേഹം ഏങ്ങലടിച്ചുകൊണ്ട് വീട്ടിലേക്ക് ചെന്നുകയറി. “എന്റെ ദൈവമേ, നദിയിൽ ചാടി ജീവിതം അവസാനിപ്പിക്കാനായിട്ടാണ് ഞാൻ പുറപ്പെട്ടത്. എന്നാൽ ഞാൻ മരിക്കാൻ നീ അനുവദിച്ചില്ല. ഞാനിതാ ചുറ്റിത്തിരിഞ്ഞ് അവസാനം ഇവിടെത്തന്നെ എത്തി. എനിക്കിത് മനസ്സിലാകുന്നില്ല, ഇതെന്തൊരു സ്നേഹം! ഞാൻ എന്തിനാ മരിക്കാൻ ശ്രമിച്ചത്? എനിക്കിനിയും ജീവിതത്തിന് ഒരു നല്ലകാലം കിട്ടുമോ?”

അദ്ദേഹം അവിടെ ഇരുന്നു, ബൈബിൾ എടുത്ത് വായിക്കാൻ തുടങ്ങി. യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായം ആദ്യഭാഗം അദ്ദേഹം വായിച്ചു. അദ്ദേഹം ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ” (യോഹ. 14:1). യേശുക്രിസ്തു അവസാനമായി തന്റെ ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ.

അദ്ദേഹം ആ തിരുവചനഭാഗം മുത്തിക്കൊണ്ട് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചു. തുടർന്ന് അദ്ദേഹം എഴുതിയത് വിശ്രുതമായ ഒരു കവിതയാണ്. ഇംഗ്ലീഷ് സാഹിത്യത്തിലെ സുപ്രസിദ്ധനായ വില്യം കൂപ്പർ എന്ന ആ കവി എഴുതിയ കവിതയുടെ ഒരു ചെറിയ ഭാഗം ഇങ്ങനെയാണ്:

God moves in a mysterious way
His wonders to perform;
He plants His footsteps in the sea,
And rides upon the storm.

നിഗൂഢമായ വഴികളിലൂടെ ദൈവം ചരിച്ചുകൊണ്ടിരിക്കുന്നു, തന്റെ അത്ഭുതങ്ങൾ നിവർത്തിക്കുവാൻ; സമുദ്രത്തിലെ തിരമാലകളുടെ മേൽ അവൻ തന്റെ പാദങ്ങൾ ചവിട്ടുന്നു, കൊടുങ്കാറ്റുകളുടെ മീതെ സവാരി ചെയ്യുന്നു.

കൊടുങ്കാറ്റൂതിയാലെന്ത്? കടലിന്റെ അലമാലകൾ തെറുത്തുയർന്നാലെന്ത്? കടൽ ആരവം മുഴക്കിയാലെന്ത്? വളരെ നിഗൂഢമായ വഴികളിലൂടെ, അത്യന്തം രഹസ്യമായ വഴികളിലൂടെ, അജ്ഞാതമായ പാതയിലൂടെ, നിത്യനായ ദൈവം നമ്മെ നടത്തുന്നു. അവന്റെ പദ്ധതികൾ അവൻ നിവർത്തിക്കുന്നു.

വീണിടത്തുനിന്ന് നമ്മെ എഴുന്നേല്പിച്ച് കരം പിടിച്ചു നടത്തി എത്തേണ്ടിടത്ത് എത്തിക്കുവാനായി ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രയത്നിക്കുന്നു. ദൈവം നമ്മുടെ കുറവുകൾ പോക്കുന്നു; പോരായ്മകൾ ക്ഷമിക്കുന്നു; നമ്മുടെ പാകപ്പിഴകളും തെറ്റുകളും പാപങ്ങളും എല്ലാം തിരുരക്തം കൊണ്ട് കഴുകിത്തരുന്നു; അവൻ നമ്മെ സ്നേഹിക്കുന്നു; അവന്റെ കരം നമ്മെ തലോടുന്നു, ആശ്വസിപ്പിക്കുന്നു.

“ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക” (സങ്കീർത്തനം 27:13-14). ◎

കാൽപാടുകൾ-29

ഫാ. ജോണി ജോർജ്
കോർ-എപ്പിസ്കോപ്പാ

# ഓർത്തഡോക്സ് വിശ്വാസത്തിന് അടിസ്ഥാനമായിരിക്കുന്ന ഘടകങ്ങൾ



ഓർത്തഡോക്സ് വിശ്വാസത്തിന് ആധാരമായിരിക്കുന്ന (The Source of Orthodox Faith) പ്രധാനപ്പെട്ട ചില കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നത് ഉചിതമായിരിക്കുമല്ലോ. ഓർത്തഡോക്സ് സഭകൾക്ക് അവ നിലനിൽക്കുന്ന രാജ്യങ്ങളിലെല്ലാംതന്നെ അനേകവിധത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. അലക്സാന്ത്രിയ, യെരുശലേം, അന്ത്യോക്യ തുടങ്ങിയ സഭാകേന്ദ്രങ്ങളിലുള്ള മുസ്ലീം ആക്രമണം, റഷ്യയുടെ മേലുള്ള മംഗോളിയ ആക്രമണം, കോൺസ്റ്റാന്റിനോപ്പിളിന്റെ പതനം, റഷ്യയിലെ ഒക്ടോബർ വിപ്ലവവും തുടർന്ന് സമീപരാജ്യങ്ങളിലുണ്ടായ ആഘാതവും മാറ്റങ്ങളും, ഇവയെല്ലാം ഓർത്തഡോക്സ് സഭകളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിച്ച കാര്യങ്ങളാണ്. എന്നിട്ടും ഓർത്തഡോക്സ് പാരമ്പര്യത്തെ (Tradition) നിലനിർത്തുന്നതിൽ സഭ പരാജയപ്പെട്ടിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്; ആദിമസഭയുടെ വിശ്വാസാചാര രീതികൾ ഇന്നും അഭംഗുരം കാത്തുസൂക്ഷിക്കപ്പെടുന്നു. ജോൺ ഓഫ് ഡമാസ്കൂസ് എന്ന സഭാപിതാവ് പറഞ്ഞത് ഇങ്ങനെയാണ്: "പിതാക്കന്മാർ നിർമ്മിച്ച അതിരുകൾ ഞങ്ങൾ മാറ്റുകയില്ല. അവർ നൽകിയ 'പാരമ്പര്യ'ത്തെ (Tradition) ഞങ്ങൾ സൂക്ഷിക്കുന്നു; ഞങ്ങൾക്കെങ്ങനെ അത് നൽകപ്പെട്ടുവോ, അതുപോലെ."

എന്താണ് 'Tradition' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? ശ്രദ്ധിക്കേണ്ട കാര്യം: 'T' capital letter ആണ്. അതുപോലെ, Tradition, singular (ഏകവചനം) ആണ്. ക്രിസ്തീയ വിശ്വാസത്തിന് ആധാരമായിരിക്കുന്ന വി. വേദപുസ്തകം, വിശ്വാസപ്രമാണം (creed), കൗൺസിൽ തീരുമാനങ്ങൾ, സഭാപിതാക്കന്മാരുടെ ലേഖനങ്ങൾ (Writings of Church Fathers), കാനോനുകൾ, ആരാധനാഗ്രന്ഥങ്ങൾ / ക്രമങ്ങൾ - ഇവയെല്ലാമാണ് Tradition എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. വിശുദ്ധ സഭയാണ് ഇവയെ നിർണ്ണയിച്ചിരിക്കുന്നത്. സഭയുടെ അടിസ്ഥാനപരമായ വിശ്വാസത്തിന് ആധാരമായിരിക്കുന്ന വി. വേദപുസ്തകത്തിലെ പുസ്തകങ്ങൾ ഏവയെന്ന് നിർണ്ണയിച്ചുതന്നിരിക്കുന്നതും സഭതന്നെയാണല്ലോ. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെയാണ് വേദപുസ്തകവും Tradition-ഉം തമ്മിലുള്ള ബന്ധം. Tradition എന്നാൽ 'custom' അല്ല. 'Custom' പരമ്പരാഗതമായി ആചരിക്കുന്ന ചില 'നടപ്പുരീതികൾ' ആണല്ലോ. എ.ഡി. 257-ൽ കാർത്തേജിൽ കൂടിയ സഭാകൗൺസിൽ യോഗത്തിൽ ഒരു ബിഷപ്പ് പറഞ്ഞുവത്രേ, "The Lord said, I am the truth. He did not say, I am the custom." സഭയിൽ കാലാകാലങ്ങളിൽ ആചാരരീതികൾക്ക് ('customs' and 'traditions' (t-small letter, traditions - plural: ബഹുവചനം) മാറ്റമുണ്ടാകാം.' Tradition' പരിശുദ്ധാത്മാവിന്റെ

സാക്ഷ്യമാണ്. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ അവൻ സകല സത്യത്തിലും വഴിനടത്തും (വി. യോഹ. 16:13) എന്നാണല്ലോ കർത്താവു തന്നെയും പറഞ്ഞിട്ടുള്ളത്.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ വി. വേദപുസ്തകത്തിന് പ്രഥമമായ സ്ഥാനമാണുള്ളത്. പഴയ നിയമത്തിൽ 39 പുസ്തകങ്ങളും പുതിയ നിയമത്തിൽ 27 പുസ്തകങ്ങളും ആണുള്ളത്. ആരാധനയിൽ വി. വേദപുസ്തക വായന നിർബന്ധമാണ്. പ്രാർത്ഥനകളിൽ സങ്കീർത്തനങ്ങളും മറ്റ് വേദപുസ്തകഭാഗങ്ങളും വാക്യങ്ങളും ധാരാളമായി ഉപയോഗിക്കുന്നു. ഏവൻഗേലിയോൻ വയ്ക്കുന്നതിന് മദ്ബഹയിൽ പ്രത്യേകമായ പീഠം തന്നെയുണ്ട്. ഏവൻഗേലിയോൻ വായിക്കുന്നതിന് വി. കുർബാനയുടെ ആരംഭത്തിൽ പടിഞ്ഞാറോട്ട് രണ്ടുവശത്തും തിരിപിടിച്ച് മണികിലുക്കി മദബഹസയും പിടിച്ച് ആഘോഷമായാണ് വി. വേദപുസ്തകം കൊണ്ടുവരുന്നത്.

സാർവ്വത്രികമായ സുന്നഹദോസുകൾ (Ecumenical Councils) സഭയുടെ വിശ്വാസവും ആരാധനാ ആചാര രീതികളും നിർണ്ണയിക്കുന്നതിൽ മുഖ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ബൈസന്റയിൻ പാരമ്പര്യത്തിൽപ്പെട്ട സഭകൾ ഏഴ് കൗൺസിലുകളും ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ മൂന്ന് സുന്നഹദോസുകളും – നിഖ്യാ, കുസ്തന്തീനോപോലീസ്, എഫേസൂസ് – അംഗീകരിക്കുന്നു. സഭയുടെ അടിസ്ഥാനപരമായ അസ്തിത്വത്തിന്റെ ജീവിക്കുന്ന രൂപമാണ് സുന്നഹദോസ് (A council is a living embodiment of the essential nature of the Church) എന്നാണ് ഒരു നിർവ്വചനം. കൂട്ടായ ചിന്തയുടെയും പ്രാർത്ഥനയുടെയും ഫലമായുണ്ടാകുന്ന ഏകാഭിപ്രായത്തിന്റെ ഫലമാണ് കൗൺസിൽ തീരുമാനങ്ങൾ.

എന്നാൽ പണ്ടുണ്ടായ പല സുന്നഹദോസുകളും തിടുക്കത്തിലും രാഷ്ട്രീയലക്ഷ്യം വച്ചും വിളിച്ചു കൂട്ടിയവയായിരുന്നു. കപ്പദോക്യൻ പിതാക്കന്മാരിലൊരാളായ ഗ്രിഗറി ഓഫ് നാസിയാൻസസ് (Gregory of Nazianzus) പറയുന്നത് ഇങ്ങനെയാണ്: “Synods and councils I salute from a distance, for I know how troublesome they are. Never again will I sit in those gatherings of cranes and geese.”

കുസ്തന്തീനോപോലീസിൽ രണ്ടാമത് കൗൺസിൽ എന്ന പേരിൽ നടത്തിയ രണ്ടാം സമ്മേളനത്തെപ്പറ്റി ഗ്രിഗറി ഓഫ് നീസ്സാ (Gregory of Nyssa) രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്: “The whole city is full of it, the squares, the market place, the alleyways, old clothes men, money changers, food sellers: they are all busy arguing. If you ask someone to give you change, he philosophizes about the Begotten and the Unbegotten; if you inquire about the price of a loaf, you are told by way of reply that the Father is greater and the Son inferior; if you ask “Is my bath ready?”, “the attendant answers that the Son was made out of nothing.”

എന്നിരുന്നാലും സഭാ സുന്നഹദോസുകൾ പരിശുദ്ധാത്മ പ്രേരിതമായി നയിക്കപ്പെട്ടവയാണ്. അതിൽ അപചയങ്ങൾ ഉണ്ടായേക്കാം. അതുകൊണ്ടാണ് എല്ലാ സുന്നഹദോസുകളും ഔദ്യോഗികമായി അംഗീകരിക്കപ്പെടാതെ വന്നത്.

**അടുത്തതിൽ: സഭയെ സംബന്ധിച്ച കാഴ്ചപ്പാട്**

കവർ സ്റ്റോറി

ഫാ. ജോൺസൺ പുഞ്ചക്കോണം

# കേരള നവോത്ഥാനവും ക്രൈസ്തവസഭയും: ഒരോർമ്മപ്പെടുത്തൽ (തുടർച്ച)



അക്ഷരം പഠിച്ച ശൂദ്രനെ അകറ്റി നിർത്തണം എന്ന ചിന്ത നാടുവാഴുന്ന കാലത്താണ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ജാതിലിംഗഭേദമില്ലാതെ അവർണ്ണനെയും സവർണ്ണനെയും ഒരേ ബഞ്ചിലിരുത്തി പഠിപ്പിക്കാൻ ക്രൈസ്തവ മിഷനറിമാർ തയ്യാറായത്. ഗാന്ധിജി ചണ്ഡാളന്മാരെ ഹരിജനങ്ങളെന്നു വിശേഷിപ്പിക്കുന്നതിനു വളരെ മുമ്പ് മിഷനറിമാർ അവരെ ദൈവപുത്രരെന്നു വിളിച്ചു. ശൈശവവിവാഹവും സതിയും ബഹുഭാര്യ-ഭർതൃത്വ സമ്പ്രദായവും വിധവാദുരിതവും ഇന്ത്യയിൽ നിന്ന് തുടച്ചുനീക്കാനും സമഭാവനയും സ്വാതന്ത്ര്യചിന്തയും വളർത്താനും മിഷനറി വിദ്യാഭ്യാസം വലിയ പ്രചോദനമാണ് നൽകിയത്.

ജനങ്ങളെ അടിച്ചമർത്തി ഏകാധിപത്യം സ്ഥാപിച്ചിരുന്ന രാജവാഴ്ചകളെയും ഫ്യൂഡൽ ദുഷ്പ്രഭുത്വങ്ങളെയും കടപുഴക്കിക്കൊണ്ട് ലോകചരിത്രത്തിൽ സംഭവിച്ച ജനകീയ വിപ്ലവങ്ങളെയും ജനാധിപത്യത്തെക്കുറിച്ചുള്ള രാഷ്ട്രീയാദർശങ്ങളെയും കുറിച്ചറിയുവാൻ പ്രാഥമികവിദ്യാഭ്യാസത്തിലൂടെ ഇന്ത്യൻ ജനതയ്ക്കു കഴിഞ്ഞു. ക്രിസ്ത്യൻ മിഷനറിമാർ നമുക്ക് നൽകിയ വിദ്യാഭ്യാസമാണ് ലോകരാജ്യങ്ങളുടെ രാഷ്ട്രീയ, സാംസ്കാരിക ചരിത്രത്തിലേക്കുള്ള കവാടങ്ങൾ തുറന്നിട്ടത്. ബ്രിട്ടീഷ് കൊളോണിയലിസത്തിൽ നിന്നും മോചനം നേടാനുള്ള ഇന്ത്യൻ സമൂഹത്തിന്റെ ശ്രമങ്ങൾക്ക് ഉത്തേജനമായതും മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. അടിമത്തത്തിന്റെ ആലസ്യമെന്ന കരിമ്പടം പുതച്ചുറങ്ങിയ കേരള സമൂഹമനഃസാക്ഷിയെ ഉണർത്തി, അവരുടെ ഹൃദയങ്ങളിൽ ഉറങ്ങിക്കിടന്ന ദേശീയബോധത്തെയും ഏകതാബോധത്തെയും ഉത്തേജിപ്പിച്ച്, സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച നവോത്ഥാനയാത്രയ്ക്ക് പ്രേരകമായ മുഖ്യഘടകം ഇംഗ്ലീഷ് വിദ്യാഭ്യാസമാണ്. തങ്ങളെ ആര് ഭരിക്കുന്നു, എന്തിന് ഭരിക്കുന്നു, എന്നൊന്നും അറിയാത്ത ഭാരതത്തിന്റെ നിരക്ഷര ഗ്രാമീണ കർഷകലക്ഷങ്ങളിൽ ഉണർവുണ്ടാക്കി അവരിൽ അന്തർലീനമായിരുന്ന ആർഷഭാരതത്തിന്റെ സാംസ്കാരികൈക്യത്തിന് ദേശീയബോധത്തിന്റേതായ മാനം നൽകിയതും, അവരെയെല്ലാം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ കൊണ്ടുവന്നതും മിഷനറി വിദ്യാഭ്യാസം ലഭിച്ച അഭ്യസ്തവിദ്യരുടെ പ്രവർത്തനഫലമായാണ്.

ഭാരതീയ ഭാഷകളിൽ സാമാന്യജനത്തിന് മനസ്സിലാകുന്ന രീതിയിൽ ഋജുവും അകൃത്രിമവുമായ ഗദ്യശൈലി രൂപപ്പെട്ടത് മിഷനറിമാരുടെ വിദ്യാഭ്യാസ-സാഹിത്യ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. മിഷനറിമാർ സ്ഥാപിച്ച മുദ്രണാലയങ്ങളും അച്ചുകൂടങ്ങളും വഴി കൈവന്ന സാംസ്കാരികാഭിവൃദ്ധിയാണ് ഇവിടെ സാഹിത്യത്തെ ജനകീയമാക്കിയതും വിദ്യാസമ്പന്നരുടെ വലിയൊരു നിര കെട്ടിപ്പടുത്തതും. ഈ മുദ്രണാലയങ്ങൾ മൂലം അക്കാലത്ത് സാധാരണക്കാർക്ക് അപ്രാപ്യമായിരുന്ന പുസ്തകങ്ങളും മറ്റ് സാഹിത്യകൃതികളും ജനങ്ങളിലേക്കെത്തി. താളിയോലപ്പതിപ്പുകളിൽ

കോവിലകങ്ങൾ, ധനികഗൃഹങ്ങൾ എന്നിവയിൽ ഒതുങ്ങി നിന്നിരുന്ന സാഹിത്യം ജനകീയമായി. സംസ്കൃത ഭാഷാവിജ്ഞാനികളായ ചുരുക്കം ചിലർ മാത്രം അറിഞ്ഞിരുന്ന പുരാണേതിഹാസങ്ങൾ അച്ചടിയുടെ വ്യാപനം വഴി ജനങ്ങളിലെത്തി. പ്രാചീന മലയാളത്തിൽ സുലഭമായിരുന്നെങ്കിലും പിൽക്കാലത്ത് സംസ്കൃതത്തിനു വഴിമാറിക്കൊടുത്ത പല ദ്രാവിഡ പദങ്ങളും ഭാഷയിലേക്ക് പുനരാഗമനം നടത്തുന്നത് മിഷനറിമാരുടെ കാലഘട്ടത്തിലാണ്. മിഷനറി ഗദ്യത്തിലുള്ള സുറിയാനി, ലത്തീൻ, പോർച്ചുഗീസ് പദങ്ങളുടെ ധാരാളിത്തം ഭാരതീയഭാഷകളിലെ പദകോശത്തെ സമ്പന്നമാക്കി. ക്ഷേത്രത്തോടനുബന്ധിച്ച് മേൽജാതി ഹിന്ദുക്കൾക്കുമാത്രം പ്രവേശനമനുവദിച്ചുകൊണ്ടു നടത്തിപ്പോന്ന കലാപ്രകടനങ്ങൾ കാണാൻ സാധിക്കാതിരുന്ന സാധാരണക്കാർക്ക് പോർച്ചുഗീസുകാർ തുടങ്ങിവച്ച 'ചവിട്ടുനാടകം' വേനൽമഴപോലെ ഒരു ഉണർത്തുപാട്ടായിരുന്നു. നാടകമെന്ന ആധുനിക കലാരൂപവുമായി കേരളീയർ ആദ്യമായി പരിചയപ്പെട്ടത് ചവിട്ടുനാടകത്തിലൂടെയാണ്. ഒരു ജനതയുടെ ദീർഘകാലത്തെ അനുഭവങ്ങളും ചിന്തകളും വീക്ഷണഗതിയും ആദർശങ്ങളും ലോകതത്വങ്ങളും വസ്തുസ്ഥിതിയും പ്രതിഫലിപ്പിക്കുന്ന പഴഞ്ചൊല്ലുകളെ ആദ്യമായി തേടിപ്പിടിച്ച് സംരക്ഷിച്ചത് നാട്ടുഭാഷ പഠിക്കാൻ മെനക്കെട്ടിറങ്ങിയ ക്രൈസ്തവ മിഷനറിമാരാണ്. എല്ലാ മനുഷ്യരുടെയും അന്തസ്സ് ഒരുപോലെ വിലപ്പെട്ടതാണെന്നുള്ള സാമൂഹ്യബോധം വളർത്തിയെടുക്കുവാൻ മിഷനറി വിദ്യാഭ്യാസത്തിന് കഴിഞ്ഞു. വിദ്യാഭ്യാസം സാമാന്യജനത്തിന് പ്രാപ്യമാക്കുന്നതിലും ജാതിവർണ്ണ വിവേചനരഹിതമായി തുല്യ അവസരം വിദ്യാർത്ഥികൾക്കു പ്രദാനം ചെയ്യുന്നതിലും വിദ്യാലയങ്ങളിൽ പവിത്രമായ അന്തരീക്ഷം പാലിക്കുന്നതിലും മിഷനറിമാർ സൃഷ്ടിച്ച മാതൃകകളാണ് ഭാരതത്തിലെ പ്രാഥമിക ജനകീയ വിദ്യാഭ്യാസത്തിന്റെ അടിത്തറയായത്. ശാസ്ത്രത്തെ മതമൂല്യങ്ങളുമായി സമന്വയിപ്പിക്കുന്നതിൽ മിഷനറിമാർ അവതരിപ്പിച്ച പാശ്ചാത്യ സമ്പ്രദായം ഒട്ടൊന്നുമല്ല വിജയിച്ചത്.

സുസ്ഥാപിതങ്ങളും സുവിദിതങ്ങളുമായ ഭാഷകളുമായി ഇടപെടുന്നതിന് പ്രയാസമില്ല. എന്നാൽ മിഷനറിമാർ അതും കവിഞ്ഞു മുന്നോട്ട് ചെന്ന് പ്രാദേശികഭാഷകളെയും പ്രാകൃതഭാഷകളെയും കൈകാര്യം ചെയ്ത് അവയ്ക്ക് വ്യക്തമായ രൂപം നൽകി. വ്യാകരണവും നിഘണ്ടുക്കളും നിർമ്മിച്ചു. മാത്രമല്ല, അവർ മലകളിലെയും വനങ്ങളിലെയും ആദിവാസികളുടെ സംസാരഭാഷയ്ക്കുവേണ്ടിപ്പോലും യത്നിച്ച് അവയെ എഴുത്തിലാക്കി. "സാധിക്കുന്ന സകല ഭാഷകളിലേക്കും ബൈബിൾ തർജ്ജമ ചെയ്യാനുള്ള ക്രിസ്ത്യൻ മിഷനറിമാരുടെ ആഗ്രഹം അങ്ങനെ അനേകം ഇന്ത്യൻ ഭാഷകളുടെ വികാസത്തിൽ പര്യവസാനിച്ചു" എന്ന് മിഷനറിമാരുടെ സംഭാവനകളെപ്പറ്റി ജവഹർലാൽ നെഹ്റു 'ഡിസ്കവറി ഓഫ് ഇന്ത്യ'യിൽ പറയുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ മിഷണറിമാരുടെ പള്ളിക്കൂടങ്ങളിലാരംഭിച്ച്, സർക്കാർ പള്ളിക്കൂടങ്ങളുടെ വ്യാപനത്തിലൂടെയും സമുദായങ്ങൾ പടുത്തുയർത്തിയ വിദ്യാലയങ്ങളിലൂടെയും നാം ഇന്ന് കാണുന്ന നേട്ടത്തിൽ എത്തിച്ചേർന്നതിന്റെ ചരിത്രം പറയുന്നവർ കേരളത്തിന്റെ നവോത്ഥാനത്തിൽ ക്രൈസ്തവ സഭകൾ വഹിച്ച പങ്ക് ബോധപൂർവ്വം മറക്കുവാൻ പാടുപെടുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേക്ക് സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരിൽ വലിയൊരു ശതമാനത്തിന് അക്ഷരവിദ്യാഭ്യാസമെങ്കിലും നേടാനുള്ള സാഹചര്യം ഇതുമൂലമാണ് ഉണ്ടായത്


എന്ന് വിളിച്ചുപറയുവാൻ ഇക്കൂട്ടർ മടികാണിക്കുന്നു.

വിദ്യാഭ്യാസം സാർവത്രികമായതോടു കൂടി പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിൽ ഒരു വലിയ സാമൂഹ്യ-സാംസ്കാരിക മുന്നേറ്റത്തിനു കാരണമായി. ക്രൈസ്തവ സഭകൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചതോടെ, ഈഴവരെപ്പോലെ ഉള്ള ജാതിസമുദായങ്ങൾക്കിടയിൽ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ആളുകൾ ഉണ്ടായി വരുകയും, ഇത് കേരളത്തിലെ സാമൂഹ്യജീവിതത്തിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. ജന്മിമാരുടെ നെല്ലറകൾ നിറയ്ക്കാൻ അഹോരാത്രം പണിയെടുക്കുക എന്നതു മാത്രമായിരുന്നു അന്നുവരെ കേരളത്തിലെ സാമൂഹിക വ്യവസ്ഥിതി അധഃസ്ഥിതർക്കു കല്പിച്ചു നൽകിയ ധർമ്മം. പാടത്തു പണിയെടുത്തു വരുമ്പോൾ മണ്ണിൽ കുഴികുത്തി അതിൽ ഇലവച്ചായിരുന്നു ഇവർക്കു ഭക്ഷണം നൽകിയിരുന്നത്. പൊതുസ്ഥലങ്ങളിലെല്ലാം പ്രവേശനം നിഷേധിക്കപ്പെട്ടു. ജാതിയുടെ അടയാളമായ കല്ലുമാലകൾ കഴുത്തിലണിഞ്ഞു നടക്കാനും അവർ നിർബന്ധിതരായി. അരയ്ക്കു മുകളിലും മുട്ടിനുതാഴെയും വസ്ത്രം ധരിക്കുവാനും അന്നത്തെ അയിത്താചാരങ്ങൾ പിന്നോക്ക ജനവിഭാഗങ്ങളെ അനുവദിച്ചില്ല.

പിന്നോക്ക ജാതികളായി കണക്കാക്കപ്പെട്ടിരുന്നവരിൽ നിന്ന് ശ്രീനാരായണ ഗുരു, അയ്യൻകാളി മുതലായവർക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള അവസരം ഉണ്ടായത് ക്രൈസ്തവ സഭകൾ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിന്തുടർച്ചയിലൂടെയാണ്. പിന്നീട് അത് ഉപജാതികൾക്ക് അതീതമായി ചിന്തിക്കുവാനും, അനാചാരങ്ങളെ എതിർക്കുവാനും കാരണമായി. അക്കാലത്ത് ചില സമൂഹങ്ങളെ മനുഷ്യരായി പോലും പരിഗണിച്ചിരുന്നില്ല. സമൂഹത്തിൽ നിന്നും എല്ലാത്തരത്തിലും അവർ ബഹിഷ്കൃതരായിരുന്നു. കൃഷി ചെയ്യാൻ ജന്മിമാർക്ക് വേണ്ട ഒരു ഉപകരണം മാത്രമായിരുന്നു ഈ കൂട്ടർ. അയിത്താചാരം മൂലം റോഡിലൂടെ നടക്കാനും വസ്ത്രം ധരിക്കാനും വിദ്യ നേടുന്നതിനും ഇവർക്ക് അവകാശമുണ്ടായിരുന്നില്ല. ഒരു പ്രദേശത്ത് ജനിച്ച് അവിടെത്തന്നെ ജീവിച്ച് അവിടെത്തന്നെ മരിക്കുന്ന ഒരു നിശ്ചല സമൂഹമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം വരെ കേരളീയർ.

താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രപ്രവേശനം സാധ്യമാക്കിയ വൈക്കം സത്യാഗ്രഹത്തിന്റെ മുന്നണിപ്പോരാളികളിൽ വളരെയേറെ ക്രൈസ്തവരുണ്ടായിരുന്നു എന്നതും ചിലർ ബോധപൂർവ്വം മറച്ചുവെക്കുവാൻ ശ്രമിക്കുന്നു. കേരളത്തിലെ സമുദായ സൗഹാർദ്ദത്തിനുവേണ്ടി നിലകൊള്ളുവാൻ കേരള ക്രൈസ്തവർ എക്കാലവും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടാണ് കേരളത്തിലെ സമുദായ സംഘടനകൾ രാഷ്ട്രീയ പാർട്ടികൾ രൂപീകരിച്ച് രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിച്ചപ്പോൾ ക്രൈസ്തവർ സ്വന്തമായൊരു പാർട്ടി രൂപീകരിക്കുവാൻ ശ്രമിക്കാതിരുന്നത്. ആളും അർത്ഥവും സംഘടനാശേഷിയും ശക്തമായ നേതൃത്വവുമുണ്ടായിട്ടും ഭാരതീയ സമുദായത്തിന്റെ മുഖ്യധാരയിലൂടെ ഒഴുകാനാണ് ക്രൈസ്തവരെന്നും പരിശ്രമിച്ചിട്ടുള്ളത്. തുമ്പയിലെ ബഹിരാകാശ വികസനകേന്ദ്രത്തിനുവേണ്ടി പള്ളിയിരുന്ന സ്ഥലം ചോദിച്ചപ്പോൾ അതു വിട്ടുകൊടുത്ത പാരമ്പര്യമാണ് ക്രൈസ്തവ സഭയ്ക്കുള്ളത് എന്നതും മലയാളി മനസ്സിന് മറക്കുവാൻ സാധ്യമല്ല. ആധുനിക നവോത്ഥാന പ്രചാരകർ കേരളത്തിലെ ക്രൈസ്തവ സഭകളുടെ സംഭാവനകളെ ഒരുകാലത്തും വിസ്മരിക്കാൻ പാടില്ല.

(അവസാനിച്ചു)




# Rajagiri Telemedicine Services

## CONSULT WITH YOUR DOCTOR FROM THE COMFORT OF YOUR HOME

Telemedicine service is to help patients save on travel cost and stay in touch with their doctors from wherever they are.
The services can be availed between 9.00am to 5.00pm IST. Please ensure a laptop with high speed internet is available
at your end Consultation timings will be mutually fixed, based on doctors available time schedule.
For any Emergency situation, patient should be taken to the nearby Hospital.

To book a telemedicine appointment email to **telemedicine@rajagirihospital.com** or
**Whatsapp to +91-7356600884 (messages only)** for more details visit **www.rajagirihospital.com**,
or call: **+ 91 484 29 05 040**





Rajagiri Hospital
*We care. We cure*

Chunangamvely, Aluva, Kochi, Kerala, India
mail@rajagirihospital.com,
+91 484 29 05 000

www.rajagirihospital.com

Rajagiri Hospital Kochi
Rajagiri hospital

യുവലോകം - 53

ഫാ. ഡോ. തോംസൺ റോബി

# വിവേകപൂർവമായ സമീപനം - ജീവിതവിജയത്തിന്നാധാരം



യുവരാജാവായ സോളമന് സ്വപ്നത്തിൽ ദൈവം ദർശനമേകി "നിനക്ക് ഇഷ്ടമുള്ള ഏതെങ്കിലും വരം ചോദിച്ചുകൊൾക" എന്ന് അരുളിച്ചെയ്തു. "രാജ്യം ഭരിക്കുന്നതിനും ന്യായപാലനം നടത്തുന്നതിനും ആവശ്യമുള്ള ജ്ഞാനവും വിവേകവും നല്കണമേ" എന്നായിരുന്നു സോളമന്റെ പ്രാർത്ഥന. ഇതിൽ ദൈവം പ്രസാദിക്കുകയും ലോകത്തിലുള്ള എല്ലാ രാജാക്കൻമാർക്കും ഉള്ളതിനേക്കാളധികം ജ്ഞാനവും, വിവേകവും, ധനവും, മാനവും സോളമന് നൽകുകയും ചെയ്തു. അദ്ദേഹമാണ് പ്രസിദ്ധമായ യരുശലേം ദേവാലയം നിർമ്മിക്കുകയും ജ്ഞാനിയായ രാജാവ് എന്ന പേരിൽ പ്രശസ്തി നേടുകയും ചെയ്തത്. ശലോമോനേപ്പോലെ, ഉയരങ്ങളിലെത്തുവാൻ കഴിയണമെങ്കിൽ, മനുഷ്യന് ദൈവത്തിൽനിന്നും 'വിവേകം' ലഭിക്കണം.

